No.CEE/3737/2012/KEAM-2013/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## എം.ബി.ബി.എസ്/ബി.ഡി.എസ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് മാത്രം അപേക്ഷ നൽകിയിട്ടുള്ളവർക്ക് അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കാം

എം.ബി.ബി.എസ്/ബി.ഡി.എസ്/ബാച്ച്ലർ ഓഫ് ആർക്കിടെക്ചർ എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി മാത്രം അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് **2013 മേയ് 16-ാം തീയതി** മുതൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും അവരുടെ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഇങ്ങനെ ഡൗൺലോഡ് ചെയ്തെടുക്കുന്ന അഡ്മിറ്റ് കാർഡുകൾ അഡ്മിഷൻ സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

അപേക്ഷ സ്വീകരിക്കുന്നതിന് അവശ്യം ഉൾക്കൊള്ളിക്കേണ്ട രേഖകൾ സമർപ്പിച്ചിട്ടില്ലാത്ത ചില വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡുകൾ താത്കാലികമായി തടഞ്ഞുവച്ചിട്ടുണ്ട്. അത്തരം വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാൻ ശ്രമിക്കുമ്പോൾ അവരുടെ അപേക്ഷയിലെ അപാകത സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. കൂടാതെ അപേക്ഷയിലെ അപാകതകളെ സംബന്ധിച്ച വിവരങ്ങളടങ്ങിയ മെമ്മോയുടേയും അപാകതകൾ പരിഹരിക്കുന്നതിനുള്ള പ്രഫോർമയുടേയും പ്രിന്റൗട്ടുകൾ ലഭിക്കുന്നതാണ്.

2013 മേയ് 27 ാം തീയതിക്കുള്ളിൽത്തന്നെ അപാകതകൾ പരിഹരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ രേഖകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിലെ അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് അവരുടെ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്. അത്തരം രേഖകൾ യഥാസമയം എത്തിക്കാത്ത വിദ്യാർത്ഥികളെ അലോട്ട്മെന്റ് പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതല്ല.

അപേക്ഷയോടൊപ്പം വിവിധ സംവരണാനുകൂല്യങ്ങൾക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള രേഖകളിൻമേലോ, കോഴ്സ് സർട്ടിഫിക്കറ്റിലോ അപാകതയുള്ള പക്ഷം അവ പരിഹരിച്ച് നൽകുന്നതിനുള്ള അവസരം നൽകിക്കൊണ്ട്, അത്തരം വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം നൽകിയിട്ടുണ്ട്. അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കുന്ന വേളയിൽത്തന്നെ അപാകതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. അപാകതകൾ പരിഹരിച്ച് 2013 മേയ് 27 ാം തീയതിക്കുള്ളിൽത്തന്നെ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം അത്തരം വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിട്ടുള്ള വിവിധ സംവരണാനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന നമ്പരുകളുമായി ബന്ധപ്പെടാവുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പരുകൾ : 0471- 2339101, 2339102, 2339103, 2339104**

(രാവിലെ 10 മണി മുതൽ 5 മണിവരെ)

തിരുവനന്തപുരം
16.05.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**